# പ. ബാവ തിരുമേനി എഡ്മണ്ടൻ (കാനഡ) സന്ദർശിക്കുന്നു.

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. മോറൻ മാർ ബസ്സേലിയോസ് മർത്തോമ്മാ പൗലൊസ് ദ്വിതീയൻ കാതോലിക്ക ബാവ തൻെറ പ്രഥമ ശ്ലൈഹിക സന്ദർശനത്തിനായി കാനഡയിലെ എഡ്മണ്ടനിൽ എത്തുന്നു. സെപ്റ്റംബർ 1നു കാൽഗറി എയർപോർട്ടിലെത്തുന്ന പ. ബാവ തിരുമേനിയെ, എഡ്മണ്ടൻ, കാൽഗറി വികാരിമാരും ഇടവക ജനങ്ങളും ചേർന്ന് സ്വീകരിക്കും. സെപ്റ്റംബർ 3നു എഡ്മണ്ടനിലെത്തുന്ന പ. ബാവ തിരുമേനിയ്ക്കും ഇടവക മെത്രാപ്പോലിത്താ അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയ്ക്കും വമ്പിച്ച സ്വീകരണം നൽകും. വൈകിട്ട് 5.30 നു പ. ബാവ തിരുമനസ്സിൻെറ അദ്ധ്യക്ഷതയിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ ഇതര സഭാ തലവന്മാരും ജനങ്ങളും പങ്കെടുക്കും. സെപ്റ്റംബർ 4നു ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് പ. ബാവ തിരുമനസ്സ് മുഖ്യ കാർമികത്വം വഹിക്കുന്നതായിരിക്കും.

1976ൽ പ. പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ എഡ്മണ്ടൻ ഓർത്ത്ഡോക്സ് പള്ളി കാനഡയിലെ ആദ്യത്തെ ദേവാലയമാണ്.

കാനഡയിലെ ആൽബർട്ടാ സംസ്ഥാനം എണ്ണപ്പാടങ്ങളാൽ സമ്പൽ സമൃദ്ധമാണു. നവംബർ മാസത്തിലാരംഭിക്കുന്ന മഞ്ഞ് വീഴ്ച ഏപ്രിൽ വരെ നീണ്ട് നിൽക്കും. ആൽബർട്ടായുടെ തലസ്ഥാനമായ എഡ്മണ്ടൻ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു ദേശമാണ്. എഴുപതുകളുടെ ആരഭംത്തിൽ ഇവിടെ എത്തിയ സഭാമക്കൾ മറ്റ് സഭാ വിഭാഗങ്ങളോടൊത്ത് പ്രാർത്ഥന കൂട്ടായ്മ ആരംഭിച്ചു. 1972 ജൂണിൽ ഇപ്പോൾ ന്യൂയോർക്കിലുള്ള Rev Fr. A K Cherian ആദ്യമായി ഇവിടെ വി. കുർബ്ബാന നടത്തി. തുടർന്ന് ക്രമമായി എല്ലാ മാസത്തിലും ഓർത്തഡോക്സ് പ്രാർത്ഥന നടന്നു വന്നു. 1976 പ. പരുമല തിരുമേനിയുടെ നാമത്തിൽ അഭി. തോമസ് മാർ മക്കോറിയോസ് തിരുമേനി ഇതിനെ അമേരിക്കൻ ഭദ്രാസനത്തിലെ ഒരു കോൺഗ്രിഗേഷനാക്കി. 1982ൽ കനേഡിയൻ രജിസ്ട്രേഷൻ ലഭിച്ചു. അന്നു മുതൽ പരേതനായ Very Rev Fr. M.E Idicula Cor-Episcpa താൽക്കാലിക വികാരിയായി സേവനം അനുഷ്ഠിച്ചു. 1986ൽ ആദ്യത്തെ വികാരിയായി Rev Fr. George John ചുമതലയേറ്റു. 1987ൽ ഇടവകയ്ക്ക് സ്വന്തമായി ദേവാലയം വാങ്ങി. ആരംഭത്തിൽ നാലപത് വീട്ടുകാർ മാത്രമായിരുന്ന ഇടവക ഇപ്പോൾ 110 കുടുംബങ്ങളായി വളർന്നു. എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ഭംഗിയായി നടത്തപ്പെടുന്നു. നോർത്ത് അമേരിക്കയിലാദ്യമായി സെമിത്തേരിക്കായി സ്വന്തമായി ഒരു സ്ഥലം വാങ്ങുകയും ചെയ്തു. Rev Fr. C Daniel (1989- 1992), Rev Fr. George Daniel (1992-2001), Very Rev Lazrus Remban Cor-Episcpa (2001- 2005), Rev Fr. Philipopse Philip Theverkattil (2005- 2011), Rev Fr. Dr Paul T Varghese (2010- 2013), Rev Fr Binny M Kuruvilla (2013 June- December) എന്നീ വൈദികർ ഇടവകയ്ക്ക് കാലാകാലങ്ങളിലായി നേതൃത്വം നൽകയുണ്ടായി. ദേവാലയം വാങ്ങിയതിൻെറ ഇരുപത്തിയഞ്ചാം വാർഷികം 2012 ൽ വിപുലമായ രീതിയിൽ നടത്തപ്പെട്ടു. എല്ലാ വർഷവും കാനഡയിലും, ഇന്ത്യയിലുമായി വിവിധ തരത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇടവക ആരംഭിച്ചതിൻെറ നാൽപതാം വർഷം ആഘോഷിക്കുന്ന

ഈ വർഷം പ. ബാവ തിരുമനസ്സിൻെറ സാന്നിദ്ധ്യം ഇടവക ജനങ്ങൾക്ക് സന്തോഷത്തിൻെറയും അനുഗ്രഹത്തിൻെറയും ഒരു അവസരം കൂടിയാണ്. Vicar, Rev Fr. Shabu Varughese, Trustee George Mathew, Secretary Bobby Mathew, Convenor Varky John എന്നിവരുടെ നേതൃത്വത്തിൽ പ. ബാവയെ സ്വീകരിക്കുന്നതിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

Reported by
Bobby Mathew
Secretary